സുഭാഷ് പാലേക്കറുടെ സീറോബജറ്റ്
നാച്വറൽ ഫാമിംഗ് കൃഷി രീതി
കേരളീയ സാഹചര്യത്തിൽ
സാധ്യമാകുമോ എന്ന് സംശയിക്കുന്നു

സി. രാജഗോപാൽ

# സീറോബജറ്റ് ഫാംമിംഗ് ചില സംശയങ്ങൾ

1. മണ്ണിൽ മണ്ണിരകളുടെയും വിഘാടക ബാക്ടീരിയകളുടെയും എണ്ണം വർദ്ധിപ്പിക്കുവാൻ സഹായിക്കുന്ന ജീവാമൃതവും വിത്തിന് വീര്യമേറ്റുന്ന ബീജാമൃതവും തത്കാലം വിളവു കൂട്ടാൻ ഉപകരിക്കുമെങ്കിലും ഈ രീതിയെ സുസ്ഥിര കൃഷിരീതിയെന്നു കണക്കാക്കുമോ?
2. മേൽപ്പറഞ്ഞതരം കൃഷി പ്രയോഗങ്ങൾ ഉത്തേജക മരുന്നുകളുടെ ഫലമല്ലേ ഉളവാക്കുക? ഹ്രസ്വകാലത്തിൽ ദോഷരഹിത ഗുണസമ്പന്ന സാധ്യതകൾ തെളിയിക്കപ്പെട്ടിട്ടുണ്ടോ?
3. കാട്ടിൽ പോയി പഠിച്ച് കാടിന്റെ വഴി മനസ്സിലാക്കി ആ തത്വം കൃഷിയിടത്തിൽ ചിലകുറുക്കുവഴികളിലൂടെ നടപ്പിലാക്കുകയാണ് താൻ ചെയ്യുന്നത് എന്ന് സുഭാഷ് പാലേക്കർ വ്യക്തമാക്കുന്നതായി മനസ്സിലാക്കണം.
സസ്യജന്തുജാലങ്ങളുടെ വൈവിധ്യത്താലും പാരസ്പര്യത്താലും ജൈവവർദ്ധകമായ ഒരു സ്വയം വളർച്ചാസാഹചര്യമാണ് വനത്തിലുള്ളത്. സീറോ ബജറ്റ് രീതി വളരെ ടെക്നിക്കലും പ്രയോജനാധിഷ്ഠിതവുമായ ഒരു കൃഷി സമീപനമാണ് എന്നും കാണാം. അതുകൊണ്ട് തന്നെ വനജന്യമായ മണ്ണ് സമ്പുഷ്ടീകരണ പ്രക്രിയയുടെ സുസ്ഥിരതയും ദോഷരാഹിത്യവും ഈ രീതിയിലുണ്ടെന്ന് അവകാശപ്പെടാമോ?
4. സുഭാഷ് പാലേക്കർ കൃഷി സമീപന രീതികൾ ഉരുത്തിരിച്ചെടുത്തിട്ടുള്ളത് മഹാരാഷ്ട്രയിലെ അമരാവതിയിലുള്ള മണ്ണിനും കാലാവസ്ഥക്കും അനുസൃതമായിട്ടാണ്. ഡക്കാൺ പീഠഭൂമിയിലെ മണ്ണിന്റെ ധാതു ഘടനയും അമ്ലക്ഷാരാനുപാതവും കാലാവസ്ഥയും കേരളത്തിലേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അതുകൊണ്ട് തന്നെ അവിടെനിന്നും ഉരുത്തിരിച്ചെടുത്ത പ്രയോഗപാഠങ്ങൾ കേരളീയ സാഹചര്യത്തിൽ എത്രത്തോളം അനുയോജ്യമാകും. ഉദാഹരണത്തിന് കേരളത്തിലെ മണ്ണിന് അമ്ലവീര്യം വളരെ കൂടുതലാണ്. ബാക്ടീരിയയുടെ പ്രവർത്തനം ഉത്തേജിപ്പിക്കാനായി ഉപയോഗിക്കുന്ന പുളിപ്പിച്ച പദാർത്ഥങ്ങൾ തുടർച്ചയായി ചെലുത്തുന്നത് അമ്ലാവസ്ഥ വർദ്ധിപ്പിക്കില്ലേ, ഇത് ഫലത്തിൽ സസ്യങ്ങളുടെ രോഗാതുരത കൂട്ടില്ലേ.